"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - പൊന്നാനി ഉപജില്ല സ്കൂൾ കലോത്സവം - തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.2896/2022/LSGD തീയതി,തിരുവനന്തപുരം, 23-11-2022

---

പരാമർശം:- പൊന്നാനി എം.എൽ.എയുടെ 16.11.2022 ലെ L-157/PNI/2022 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2022 നവംബർ 15 മുതൽ 18 വരെ പൊന്നാനി ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, വിജയമാതാ കോൺവേന്റ് ഹൈസ്കൂൾ, ബി.ഇ.എം.യു. പി. സ്കൂൾ എന്നിവിടങ്ങളിൽ വെച്ച് നടക്കുന്ന പൊന്നാനി ഉപജില്ല സ്കൂൾ കലോത്സവത്തിന്റെ സംഘാടനത്തിനായി പൊന്നാനി വിദ്യാഭ്യാസ ഉപജില്ലയുടെ പരിധിയിലുള്ള പൊന്നാനി നഗരസഭയിൽ നിന്നും മാറഞ്ചേരി , വെളിയങ്കോട് ,പെരുമ്പടപ്പ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ചു കൊണ്ട് പൊന്നാനി എം.എൽ.എ പരാമർശം കത്ത് സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 നവംബർ 15 മുതൽ 18 വരെ പൊന്നാനി ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, വിജയമാതാ കോൺവേന്റ് ഹൈസ്കൂൾ, ബി.ഇ.എം.യു. പി സ്കൂൾ എന്നീ സ്കൂളുകളിലായി നടന്ന കലോത്സവത്തിന് പൊന്നാനി നഗരസഭയിൽ നിന്നും 50,000/- രൂപയും(അമ്പതിനായിരം രൂപ), മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 25,000/- രൂപയും(ഇരുപത്തയ്യായിരം രൂപ) വീതം തനത് ഫണ്ടിൽ നിന്നും നൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ മുഖേന)
ബന്ധപ്പെട്ട നഗരസഭകൾ / കോർപ്പറേഷൻ (പകർപ്പ് നഗരകാര്യ ഡയറക്ടർ മുഖേന)
പ്രസിഡന്റ്/സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
കൺവീനർ ,പൊന്നാനി ഉപജില്ലാ സ്കൂൾ കലോൽസവം സംഘാടക സമിതി
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sheeba Beegom.a.m**
**Date: 02-12-2022 10:41:21**
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എക്ക്